# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പട്ടാമ്പി ബ്ലോക്ക്പഞ്ചായത്ത്

## 2016-17 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്
Email-dopkd.ksad@kerala.gov.in

നം.കെ.എസ്.എ.പി.കെ.ഡി.8/2103/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട് .

തീയതി- 22-11-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടാമ്പിബ്ലോക്ക്പഞ്ചായത്ത് -2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

---------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഇ-മെയിൽ മുഖേന)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.2103/2017 തിയ്യതി:-22-11-2017

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-02-2017 മുതൽ 1-11-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.കെ.കൃഷ്ണകുമാർ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 02-11-2017 മുതൽ 8-11-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ്ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.സി.ഹരിഗോബിന്ദ് | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.എം.ശിവപ്രസാദ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡൻറ് :

| പേര് | കാലയളവ് |
|---|---|
| ശ്രീ.കമ്മുക്കുട്ടി എടത്തോൾ | 01-04-2016 മുതൽ 31-3-2017 |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.പി.ശശീന്ദ്രൻ. | 01-4-16 മുതൽ 13-6-16 വരെ |
| ശ്രീ.എസ്.ഹർഷൻ | 14-6-16 മുതൽ 29-11-16 വരെ |
| ശ്രീ.ടി.ശശിധരൻ | 30-11-16 മുതൽ 02-12-16 വരെ |
| ശ്രീ.പി.വി.സത്യൻ | 3-12-16 മുതൽ 31-3-17 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എക്സി.എഞ്ചിനീയർ | ശ്രീ.ജോയ് മുരിങ്ങത്തേരി. | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ സൂപ്രണ്ട്, താലൂക്ക് ആശുപത്രി പട്ടാമ്പി. | ഡോ:യു.ടി.മുഹമ്മദ് അബ്ദുൾ റഹ്മാൻ | *01.04.16 മുതൽ 31.03.17 വരെ* |
| മെഡിക്കൽ സൂപ്രണ്ട് (സി.എച്ച്.സി കൊപ്പം) | ഡോ: പി.സിദ്ദിഖ് | 1-4-16 മുതൽ 31-07-16 വരെ |
| | ഡോ.വി.സി.ഗീത | 1-8-16 മുതൽ 31-3-17 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.പി.ശ്രീജ | 1-4-16 മുതൽ 26-2-17 വരെ |
| | ശ്രീമതി.ലളിതാംബിക | 27-2-17 മുതൽ 31-3-17 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | സജീവ് ഗോപീകൃഷ്ണ | 1-4-2016 മുതൽ 18-8-16 വരെ |

| | | |
|---|---|---|
| | ശ്രീമതി.കെ.പി.ദീപ (in charge) | 19-8-16 മുതൽ<br>4-9-16 വരെ |
| | ശ്രീമതി.സൂസൻ ബെഞ്ചമിൻ | 5-9-16 മുതൽ<br>31-3-17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഉഷാദേവി. കെ | 1-4-16 മുതൽ<br>23-5-16 വരെ |
| | സി.ജെ.ജാസ്മിൻ | 24-5-16 മുതൽ<br>31-3-17 വരെ |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2015-16 | 1/29-3-2016 | ഇല്ല |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2016 | 01-7-2016 |

## 1-3 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 64985095 | 109212795 | 174197890 | 131575845 | 42622045 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | നീക്കിയി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | രിപ്പ് |
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 27898625 | 27898625 | 15993683 | 11904942 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 19880109 | 19880109 | 9898614 | 9981495 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 22410 | 22410 | 0 | 22410 | 0 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 4341978 | 4341978 | 1613437 | 2728541 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1540396 | 4136778 | 5677174 | 3117056 | 0 | 2560118 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 59252835 | 74 | 27418695 | nil | 75 | 49.66 |

നിർവ്വഹണോദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 31 | 25 | 18920147 | 16748396 | 88.52 |
| ഡയറി എകസ്റ്റൻഷൻ ഓഫീസർ | 3 | 3 | 1475000 | 1075000 | 72.88 |
| മെഡിക്കൽ ഓഫീസർ-CHC | 2 | 1 | 388118 | 350000 | 90.17 |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 3 | 3 | 957475 | 957475 | 100 |
| സി.ഡി.പി.ഒ | 3 | 1 | 1786717 | 52499 | 2.93 |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 2 | 2 | 24600 | 24600 | 100 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ-LSGD | 105 | 39 | 35700778 | 8210725 | 22.99 |
| പട്ടിക ജാതി വികസന ഓഫീസർ | 23 | 13 | 11087031 | 595200 | 53.68 |

| | | | | | |
|---|---|---|---|---|---|
| ആകെ | 149 | 74 | 59252835 | 27418695 | 46.27 |

ആകെ പ്രോജക്ടുകളുടെ 50 ശതമാനത്തിൽ താഴെ മാത്രമാണ് തൻവർഷം നടപ്പിലാക്കിയിരിക്കുന്നത്. ആകെ അടങ്കൽ തുകയുടെ 46.27 ശതമാനത്തിൽ താഴെ മാത്രമേ ചെലവ് നടന്നിട്ടുള്ളൂ. സി.ഡി.പി.ഒയുടെ ചെലവുശതമാനം 3 ശതമാനത്തിലും താഴെയാണ്. കൂടുതൽ തുക വകയിരുത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ചെലവുശതമാനം 23 ശതമാനം മാത്രമാണ്. അസി.കൃഷിഡയറക്ടർക്ക് അവരുടെ മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഒന്നും നൽകിയിട്ടില്ല. പട്ടികജാതി വികസന ഓഫീസർ, വ്യവസായ വികസന ഓഫീസർ എന്നിവർ മുഖേന യാതൊരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

പ്രോജക്ടുകൾ രൂപീകരിക്കുന്നതിലും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിലും വേണ്ടത്ര ശ്രദ്ധയോ താൽപര്യമോ കാണിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ജനങ്ങൾക്ക് പ്രയോജന പ്രദമാകേണ്ട പദ്ധതിപ്പണം ചെലവഴിക്കാതെ ഇരിക്കുന്നത് പഞ്ചായത്തീ രാജ് സംവിധാനം വിഭാവനം ചെയ്യുന്ന ആശയങ്ങൾക്ക് വിരുദ്ധമാണ്.

# 1-6 <u>ആഭ്യന്തരനിയന്ത്രണം</u>

കൈമാറിക്കിട്ടിയ ആഫീസുകളിലെതുൾപ്പെടെ ഗ്രാമ പഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, വീട്ട് മേൽവിലാസം ടെലിഫോൺ നമ്പർ, ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന മാസ്റ്റർ ഇൻകംബൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്മാർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതത്യാവശ്യമാണ്. ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരമൊരു മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി തൻവർഷം രണ്ട് യോഗങ്ങൾ കൂടിയിട്ടുണ്ട്.

# 1-7 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.16 | 01.04.15 മുതൽ 31.03.16 വരെ | 24.11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.03.16 | 2010-11 മുതൽ 2014-15 വരെ | 23.05.16 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ സ്വീകരിക്കുന്ന പണത്തിന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങളിൽ നിർദേശിച്ച പ്രകാരം രസീതി നൽകുന്നുണ്ടെങ്കിലും ഉപയോഗിക്കുന്ന രസീതികൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കമ്പ്യൂട്ടർവൽകൃത രസീതികൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ, കയ്യെഴുത്ത് സമ്പ്രദായത്തിൽ ഉപയോഗിക്കപ്പെടുന്ന രസീതി പുസ്തകങ്ങൾ ഓഡിറ്റ് കാലയളവിൽ ഉപയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. (ഓഡിറ്റ് എൻക്വയറി നം.1/02.11.2017)

<u>ഓഡിറ്റ് നിർദ്ദേശം</u>

രസീതികൾക്ക് (മാനുവൽ /കമ്പ്യൂട്ടർ സ്റ്റേഷനറി) സ്റ്റോക്ക്, ഇഷ്യു, ബാലൻസ് വിവരങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഓഫീസ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയവർ മാത്രമാണ് രസീതികൾ കൈകാര്യം ചെയ്യുന്നത് എന്നും സ്വീകരിക്കുന്ന തുക അടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട് എന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

വാടക രജിസ്റ്റർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് 4 കടമുറികൾ (വിപണന കേന്ദ്രം) ഉണ്ട്. രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | S.H.G. | കെട്ടിടം / സ്ഥലം | വാടക | വാടക ഒടുക്കിയത് |
|---|---|---|---|---|
| 1 | ഭാവന കാന്റീൻ | ബ്ലോക്ക് ഓഫീസ് | 3530 | രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരം രേഖപെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| 2 | സൗഹൃദ SHG | ബ്ലോക്ക് ഓഫീസ് | 990 |
| 3 | കാർത്തിക SHG | ബ്ലോക്ക് ഓഫീസ് | 990 |
| 4 | അൽ അമീൻ SHG | ബ്ലോക്ക് ഓഫീസ് | 1550 |

വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക ഇനത്തിൽ തൻവർഷം 53695/- രൂപയും കുടിശ്ശിക ഇനത്തിൽ 12735/- രൂപയും ഈടാക്കാൻ അവശേഷിക്കുന്നു. വാടക രജിസ്റ്ററിൽ രേഖപെടുത്തലുകൾ വരുത്താത്തതിനാലും സംക്ഷിപ്തം എഴുതി സാക്ഷ്യപെടുത്താത്തതിനാലും ഏതെല്ലാം സ്ഥാപനങ്ങളാണ് കുടിശ്ശിക വരുത്തിയതെന്ന് വ്യക്തമല്ല. വാടകക്കാരുമായി കരാർ ഏർപ്പെട്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (4/06.11.17) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. മുദ്രപത്രം വിൽപ്പനയിൽ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ആസ്തികൾ വാടകയ്ക്ക് നൽകുമ്പോൾ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകാണുന്നില്ല – വാടകക്കാരുമായി നിയമാനുസൃതം കരാർ വെച്ചതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ ചമക്കേണ്ടതും പ്രതിമാസ വാടക നിശ്ചിത തിയതിക്കകം ഈടാക്കേണ്ടതുമാണ്. വാടക കാലാനുസൃതമായി പരിഷ്കരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2016-17 വർഷങ്ങളിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ തനത്

ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറ ങ്ങളുടെ എണ്ണം | ടെണ്ടർ ഫോറ ത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | കരിയന്നൂർ-കാരമ്പത്തൂർ റോഡ് | 550000 | 2 | 2200 | 110 | 4-1-17 |
| 2 | എരവത്ര-തിരുത്തിൽപ്പടി റോഡ് | 600000 | 2 | 2400 | 120 | 4-1-17 |
| 3 | പരുളൂർ കൂട്ടക്കടവ്-നന്നംകുളം റോഡ് | 500000 | 6 | 6000 | 300 | 4-1-17 |
| 4 | വിളത്തൂർ കോളനി-തെക്കുമ്മല റോഡ് | 500000 | 3 | 3000 | 150 | 4-1-17 |
| 5 | കൊണ്ടൂർക്കര-യത്തീംഖാന റോഡ് | 500000 | 2 | 2000 | 100 | 4-1-17 |
| 6 | എസ്.ജി.നഗർ-അമരക്കുളം റോഡ് | 500000 | 3 | 3000 | 150 | 27-1-17 |
| 7 | മപ്പാട്ടുകര റെയിൽവെ സ്റ്റേഷൻ റോഡ് | 500000 | 1 | 1000 | 50 | 27-1-17 |
| 8 | മൂച്ചിക്കുട്ട് പറമ്പിൽ കോളനി-നടക്കാവിൽ പടി റോഡ് | 500000 | 1 | 1000 | 50 | 27-1-17 |
| 9 | മണ്ണേങ്കോട് ഇ.പി.പടി റോഡ് | 500000 | 1 | 1000 | 50 | 27-1-17 |
| 10 | തൊടിയന്നൂർ സെന്റർ-പാലങ്ങാട് പള്ളിയാലിൽ റോഡ് | 500000 | 1 | 1000 | 50 | 27-1-17 |
| 11 | പകൽവീട് | 1182329 | 1 | 5000 | 250 | 22-2-17 |
| 12 | കുരിപ്പള്ളിയാൽ റോഡ് | 500000 | 1 | 1000 | 50 | 22-2-17 |
| 13 | കുരുത്തോലക്കുന്ന് ക്ഷേത്രം റോഡ് | 500000 | 2 | 2000 | 100 | 22-2-17 |
| 14 | തൊട്ടാരത്തിൽ മലയകോളനി റോഡ് | 703712 | 1 | 2500 | 125 | 22-2-17 |

| | | | | | | |
|---|---|---|---|---|---|---|
| 15 | കോൽക്കുണ്ട്-ഹെൽത്ത് സെന്റർ റോഡ് | 500000 | 2 | 2000 | 100 | 22-2-17 |
| 16 | ആമയൂർ-പൂവക്കോട് സോപ്പുകമ്പനി റോഡ് | 500000 | 2 | 2000 | 100 | 28-2-17 |
| 17 | കോവിലിങ്ങൽ-പെരുംതൃക്കോവിൽ റോഡ് | 500000 | 1 | 1000 | 50 | 28-2-17 |
| 18 | വടക്കുമ്മുറി-പ്രഭാപുരം റോഡ് | 500000 | 6 | 6000 | 300 | 28-2-17 |
| 19 | പട്ടാമ്പി താലൂക്ക് ആശുപത്രി നവീകരണം | 900000 | 2 | 5000 | 250 | 17-3-17 |
| 20 | ബ്ലോക്ക് പഞ്ചായത്ത് കോംപൌണ്ട് നവീകരണം | 1500000 | 2 | 5000 | 250 | 17-3-17 |
| ആകെ | | | | 54100 | 2705 | |

ബ്ലോക്ക് പഞ്ചായത്തിന് അർഹതപ്പെട്ട 54100/- രൂപ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (നം.67249238637, എസ്.ബി.ഐ, പാലക്കാട്) നിന്നും ലഭ്യമാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാറ്റ് തുക വില്പനനികുതി ഓഫീസിൽ ഒടുക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൂർത്തീകരണ കാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെന്റിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുന്നപക്ഷം നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ മരാമത്തു പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി അനുവദിക്കപ്പെട്ട കാലാവധിയിൽ

അധികരിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃതമായ മുഴുവൻ പിഴയും ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽനിന്നും ആദ്യത്തെ മൂന്നു മാസത്തിന് 1%, അടുത്ത ഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തി :പാണപ്പറമ്പ് കുടിവെള്ള പദ്ധതി

പ്രോജക്ട് നം: SO14/16

അടങ്കൽ : 500000/-

പി.എ.സി. :499480/-

കരാറുകാരൻ : കെ.എം.എ. ജലീൽ

എം. ബുക്ക് നം. : 12/15-16

ബിൽ.നം.14/16-17 തുക-229466(Final bill)

എഗ്രിമെന്റ് തീയതി :19-9-15

പൂർത്തീകരിക്കേണ്ട തീയതി : 31-3-16

പിഴകൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 23-8-16

ഈടാക്കേണ്ട പിഴ :

1.04.16മുതൽ 30-06-16 വരെ: 499480 x1%=4995

1-7-16 മുതൽ 23-8-16വരെ: 499480 x53/90x2%=5883

ഈടാക്കിയ പിഴ : 0

ഈടാക്കാൻ ബാക്കി പിഴ :5883+4995 = 10878/-

മേൽപറഞ്ഞ പ്രകാരം ഈടാക്കാനുള്ള തുക 10878/- രൂപ കരാറുകാരനിൽനിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തനതു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 ആസൂത്രണത്തിലെ പിഴവുമൂലം പദ്ധതിനിർവ്വഹണം അവതാളത്തിലായി

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം ഉദ്പാദനമേഖലയിൽ ഉൾപ്പെടുത്തി ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ സംയുക്തപ്രോജക്ടായി നിർമ്മിക്കാൻ ലക്ഷ്യമിട്ട വനിതാ

വിപണനകേന്ദ്രം (പ്രോജ.നം.104/17) എന്ന പദ്ധതി നാളിതുവരെയും പ്രാവർത്തികമാക്കാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. പദ്ധതി വിഹിതം-ജനറൽ വിഭാഗത്തിൽ 350000/- രൂപ വകയിരുത്തുകയും അത്രയും തുക ബിൽ നം.35/29-3-17 പ്രകാരം പിൻവലിച്ച് ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം.79901140001601) കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ 24-3-2017 തിയ്യതിയിൽ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പി.142/2017 നമ്പർ കത്തിൽ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം 10/10.1.8എന്ന സർവ്വേ നമ്പറിൽ ഗ്രാമ വികസനവകുപ്പ് കമ്മീഷണർ തിരുവനന്തപുരത്തിന്റെ അധീനതയിലുള്ളതാണെന്നും അദ്ദേഹത്തിന്റെ അറിവോടെ മാത്രമേ കെട്ടിടനിർമ്മാണം ആരംഭിക്കാവൂ എന്നുമാണ് അറിയിച്ചിരിക്കുന്നത്. 18-4-2017-ന് അയച്ച ഇതേ നമ്പർ കത്തിൽ ഗ്രാമ വികസന കമ്മീഷണറുടെ അനുമതിയില്ലാതെ എന്തെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ മേപ്പടി സ്ഥലത്ത് നടത്തുകയാണെങ്കിൽ പൂർണ്ണ ഉത്തരവാദിത്തം താങ്കൾക്കായിരിക്കുമെന്ന് ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഓർമ്മപ്പെടുത്തിയിരിക്കുന്നു.

നാളിതുവരെയും പ്രോജക്ട് പ്രാവർത്തികമാക്കാൻ കഴിയാതെ പദ്ധതിപ്പണം ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ടി.എസ്.ബി അക്കൌണ്ടിൽ കിടക്കുകയാണ്. അശാസ്ത്രീയമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും ആസൂത്രണത്തിലെ പിഴവുമാണ് ഇത്തരത്തിലുള്ള സ്ഥിതിവിശേഷം ഉണ്ടാക്കുന്നത്. കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലത്തേക്കുറിച്ച് കൃത്യമായ ധാരണ ഉണ്ടായിട്ടും ഇത്തരം ഒരു പ്രോജക്ടിനു വേണ്ടി പണം നീക്കിവെച്ചതിന് അധികൃതർ വിശദീകരണം നൽകേണ്ടതാണ്. പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം ഫണ്ട് തിരികെ ലഭ്യമാക്കി സർക്കാർ ഖജനാവിലേക്ക് ഒടുക്കേണ്ടതുമാണ്.

## **3-3** <u>പദ്ധതി രൂപീകരണം - വ്യവസായം, പട്ടികജാതി വികസന മേഖലകളെ പരിഗണിച്ചില്ല</u>

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ വ്യവസായ വികസന ഓഫീസർ, പട്ടികജാതി വികസന ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ടുകൾ ഒന്നും നടപ്പിലാക്കിയതായി കാണുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നാലാം

പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെട്ട മേൽ പറഞ്ഞ മേഖലകളിൽ കൈമാറികിട്ടിയ നിർവഹണ ഉദ്യോഗസ്ഥർ നിലവിലുണ്ടായിട്ടും ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിയിരുന്നിട്ടും (ഖണ്ഡിക 3-5) ഈ വർഷത്തിലും പ്രൊജക്ടുകൾ നിർവഹിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്.

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ മേഖലകളിലും വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

## 3-4 ബ്ലോക്ക് ഓഫീസ് കാന്റീനിൽ സ്ഥാപിക്കുവാനായി ബയോഗ്യാസ് പ്ലാന്റ് വാങ്ങുവാനായി സ്വീകരിച്ച നടപടിക്രമങ്ങൾ ക്രമപ്രകാരമല്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | SO158/17 |
| പേര് | ബ്ലോക്ക് ഓഫീസ് കാന്റീനിൽ ബയോഗ്യാസ് പ്ലാന്റ് |
| അടങ്കൽ (വികസന ഫണ്ട്) | 50,000/- |
| ബിൽ നം. / തിയതി | ചെലവ് |
| 43/16-17/30/3/17 | 45,000/- |

ബ്ലോക്ക് ഓഫീസ് ക്യാന്റീനിലെ മാലിന്യ സംസ്കരണ ആവശ്യങ്ങൾക്കായി വിഭാവനം ചെയ്ത മേൽ സൂചിത പ്രോജക്റ്റ് പ്രകാരമുള്ള പദ്ധതി വിഹിതം ഉപയോഗിച്ച് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് വാങ്ങിയിട്ടുണ്ട്.വിശദവിവരങ്ങൾ :

| ഇൻവോയ്സ് നം./തിയതി | ഇനം | ഇനം വിതരണംചെയ്ത സ്ഥാപനം | എണ്ണം | തുക |
|---|---|---|---|---|
| 538/25/3/17 | 3mക്യൂബ്, വാട്ടർ ജാക്കറ്റ് സഹിതമുള്ള ബയോഗ്യാസ് പ്ലാന്റ് | ഇനൊവേറ്റീവ് ഫൈബർ പ്രോഡക്റ്റ്സ്, തൃശ്ശൂർ | 1 | 45,000/- |

പത്ര പരസ്യം മുഖേന മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കാതെയാണ് മേൽ സൂചിത ഇനം വാങ്ങിയിരിക്കുന്നത്. കൂടാതെ പ്രസ്തുത പ്ലാന്റ് തൃപ്തികരമായി പ്രവൃത്തിക്കുന്നുണ്ടെന്നുള്ള മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. ആയതിനുള്ള വിശദീകരണം രേഖാമൂലം 8.11.17ലെ അന്വേഷണ നം.8 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടി ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. മേൽ സാഹചര്യങ്ങൾക്കുള്ള വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആയത് വരെ ഇതിലേക്കായി ചെലവായ 45,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പകൽവീടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജകറ്റ് നം. | SO111/17 |
| പേര് | പകൽവീട് |
| അടങ്കൽ (വികസന ഫണ്ട്) | 11,82,329/- |
| ബിൽ നം./തിയതി | ചെലവ് |
| 39/16-17/30/3/17 | 11,82,000/- |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിൽ പകൽവീടിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി പ്രവൃത്തി നിർവ്വഹിക്കുന്ന പാലക്കാട്ടിലെ നിർമ്മിതി കേന്ദ്രയുടെ യൂണിയൻ ബാങ്കിലെ അക്കൗണ്ട് നം.348002010011687ലേക്ക് ആർ.ടി.ജി.എസ് മുഖേന മേൽ വിഹിതമായ 11,82,000/-രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൈമാറിയിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ഓഡിറ്റ് കാലയളവിൽ പൂർത്തീകരിച്ചിട്ടില്ല. ആയതിനുള്ള വിശദീകരണം ആവശ്യപ്പെട്ടതിന് കെട്ടിട നിർമ്മാണത്തിനായി തയ്യാറാക്കിയ പ്ലാൻ സംബന്ധിച്ച് തിരുവേഗപ്പുറ പഞ്ചായത്തിന് ചില നിർദ്ദേശങ്ങൾ ഉള്ളതിനാൽ പണി തുടങ്ങിയിട്ടില്ലായെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ പ്രസ്തുത നിർദ്ദേശങ്ങൾ കണക്കിലെടുത്ത് പുതിയ പ്ലാൻ തയ്യാറാക്കി പണി പൂർത്തിയാക്കുവാൻ നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയുട്ടെണ്ടന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതിനുള്ള ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടും, ധന വിനയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. സമയബന്ധിതമായി പ്രവൃത്തി

പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-6 ടെണ്ടർ വിളിക്കാതെ പ്രൊജക്ട് നിർവ്വഹണം നടത്തിയതു സംബന്ധിച്ച്

പ്രൊജക്ട് : ജെറിയാട്രിക് വാർഡിലേക്ക് കിടക്ക, തലയണ, കട്ടിൽ എന്നിവ വാങ്ങിക്കൽ

പ്രൊജക്ട് നമ്പർ : 147 /17

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

അടങ്കൽ : 3,33,350/-

ചെലവ് : 1,43,427/-

ബിൽ നമ്പർ : 13/16-17 dt 23.3.17

ജെറിയാട്രിക് വാർഡിലേക്ക് കിടക്ക, തലയണ, കട്ടിൽ എന്നിവ വാങ്ങിക്കൽ എന്ന പ്രൊജക്ട് (147) പ്രകാരം 3,33,350/- രൂപ ചെലവഴിച്ചതിൽ 1,43,427/- രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | തുക | വാങ്ങിയത് |
|---|---|---|---|
| 1 | ഹോസ്പിറ്റൽ കട്ടിൽ, സ്റ്റാൻഡ് | 60060 | അർജ്ജുന ഫർണ്ണിച്ചർ, കുന്നംകുളം |
| 2 | അലമാര & മേശ | 29026 | |
| 3 | കസേര | 54341 | ഹസ്തിന ഫർണ്ണിച്ചർ |

മേൽ ഫർണിച്ചറുകൾ വാങ്ങിയിരിക്കുന്നത് ക്വട്ടേഷൻ മുഖേനയാണ്. (ക്വട്ടേഷൻ നമ്പർ-58/17 dt 23.2.17)

കേരള സ്റ്റോർ പർച്ചേസ് മാന്വൽ (സ.ഉ.(പി)നം.3/2013/എസ്.പി.ഡി തീ.21.06.2013 പ്രകാരം 1 ലക്ഷത്തിന് മുകളിൽ മതിപ്പ് വിലയുള്ള പർച്ചേസുകൾക്ക് ഓപ്പൺ ടെണ്ടർ അല്ലെങ്കിൽ ലിമിറ്റഡ് ടെണ്ടർ ബാധകമാണ്. പ്രാദേശികമായി പ്രചാരത്തിലുള്ള ഒരു മലയാളത്തിലും ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും പരസ്യം നൽകണം. മേൽ വ്യവസ്ഥ പാലിക്കാതെ 3 സ്ഥാപനങ്ങളിൽ നിന്ന് മാത്രം ക്വട്ടേഷൻ സ്വീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിയമാനുസൃതം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമോ ഭരണ സമിതിയുടെ തീരുമാനമോ പ്രസ്തുത വാങ്ങലിൽ ഇല്ല.

ഒരേ കാലയളവിൽ ഒരേ വിഭാഗത്തിൽ ഉൾപ്പെട്ട ഇനങ്ങളെ ഒന്നിച്ച ചേർത്ത് ടെണ്ടർ ക്ഷണിക്കുന്നതിന് പകരം ഇനങ്ങൾ വെവ്വേറെ ഉൾപ്പെടുത്തി ക്വട്ടേഷൻ ക്ഷണിക്കുന്നത് ക്രമപ്രകാരമല്ല

സാധനങ്ങൾ വാങ്ങുമ്പോൾ കേരള സ്റ്റോർ പർച്ചേസ് മാന്വൽ (സ.ഉ.(പി)നം.3/2013 /എസ്.പി.ഡി,തീ.21.06.2013) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഭിന്നശേഷിയുള്ളവർക്കായി വിഭാവനം ചെയ്ത പ്രോജക്റ്റ് - ആധികാരിക രേഖകളില്ല.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന എസ്.സി. വിഭാഗക്കാർക്കായി 2015-16 സാമ്പത്തിക വർഷത്തിൽ അധിക വിഹിതം നല്കുന്നതിനായി വിഭാവനം ചെയ്ത പ്രോജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

| | |
|---|---|
| പ്രോജക്റ്റ് നം. | S0133/17 |
| പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഐ.എ.വൈ. ഭവന പദ്ധതി |
| അടങ്കൽ (വികസന ഫണ്ട്, എസ്.സി.പി) | 2,40,000/- |
| ബിൽ നം. /തിയതി | ചെലവ് |
| 19/16-17/30/12/16 | 2,40,000/- |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

മേൽ സൂചിത പ്രോജക്റ്റിന്റെ പദ്ധതി വിഹിതം 6 ഗുണഭോക്താക്കൾക്കായി 40,000/- രൂപ വീതം ആകെ 2,40,000/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ നല്കുന്നു :

| ക്രമ നം. | പേര് | പഞ്ചായത്ത് | തുക |
|---|---|---|---|
| 1 | കോലത്തി, w/o കോരൻ | ഓങ്ങല്ലൂർ | 40,000/- |
| 2 | തങ്ക,w/o കുഞ്ഞാണ്ടി | പരുതൂർ | 40,000/- |
| 3 | സരോജനി, D/o കരിക്ക | പരുതൂർ | 40,000/- |
| 4 | കുറുമ്പ,W/oമല്ലൻ | തിരുവേഗപ്പുറ | 40,000/- |
| 5 | നീലി,W/o കുഞ്ഞൻ | പട്ടാമ്പി | 40,000/- |
| 6 | ചക്കി, രാമദാസൻ | വിളയൂർ | 40,000/- |
| | ആകെ | | 2,40,000/- |

മേൽ പട്ടികയിലെ ഗുണഭോക്താക്കൾ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന്

സ്ഥിരീകരിക്കുന്ന ആധികാരിക രേഖ ലഭ്യമാക്കി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനുള്ള വിശദീകരണം ആവശ്യപ്പെട്ടതിന് പ്രസ്തുത രേഖകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനുള്ള തുടർ നടപടികൾ പൂർത്തീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## **3-8** സംയോജിത നീർത്തട പരിപാലന പരിപാടിയിലെ കരാർ ജീവനക്കാർക്ക് അനുവദിച്ച ഹോണറേറിയം തിരികെ ഈടാക്കേണ്ടതാണ്.

ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും കനറാ ബാങ്കിലൂടെ സെപ്റ്റംബർ മാസത്തിൽ സംയോജിത നീർത്തട പരിപാലന പരിപാടി പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള 7 ജീവനക്കാർക്ക് താഴെ പറയുന്ന രീതിയിൽ ഹോണറേറിയം അനുവദിച്ചിട്ടുണ്ട് :

| ചെക്ക് നം. / തിയതി | ഹോണറേറിയം |
|---|---|
| 1811366/4/10/16 | 1,02,000/- |

സംയോജിത നീർത്തട പരിപാലന പരിപാടിയിലെ ഫണ്ട് ലഭ്യമാവാത്തതിനാൽ ജീവനക്കാർക്കായി അനുവദിച്ച മേൽ സൂചിത ഹോണറേറിയം 2016-17 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടില്ല. പ്രസ്തുത പദ്ധതിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി അനുവദിച്ച തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## **3-9** പൈലിപ്പുറം കുടിവെള്ള പദ്ധതിയുടെ നിർവ്വഹണം പൂർത്തിയായിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | SO165/17 |
| പേര് | പൈലിപ്പുറം കുടിവെള്ള പദ്ധതി പൂർത്തീകരണം. |

| | |
|---|---|
| അടങ്കൽ (വികസന ഫണ്ട്) | 4,00,000/- |
| ബിൽ നം. / തിയതി | ചെലവ് |
| 29/16-17/24/3/17 | 4,00,000/- |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

പൈലിപ്പുറം കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിനായി ഷൊർണ്ണൂരിലെ കേരള ജല അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് മേൽ വിഹിതമായ 4,00,000/- രൂപ ആർ.ടി.ജി.എസ് മുഖേന നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കായി വകയിരുത്തിയ തുക എസ്റ്റിമേറ്റ് തുകയേക്കാൾ കുറവായതിനാൽ പണി ആരംഭിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ തുക കൂടുതൽ ലഭ്യമാവുകയാണെങ്കിൽ ഫണ്ട് വകയിരുത്തുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. നടപ്പ് വർഷത്തിൽ മേൽ വിശദീകരണ പ്രകാരം പദ്ധതിയുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കി, പ്രവൃത്തി പൂർത്തീകരണ രേഖയും ധന വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഷൊർണ്ണൂരിലെ കേരള ജല അതോറിറ്റിക്ക് അനുവദിച്ച പദ്ധതി വിഹിതം തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-10 ഇന്ധനത്തിന്റെ വിശദവിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ ഓഫീസ് ആവശ്യങ്ങൾക്കായി സെക്രട്ടറി ഉപയോഗിച്ച് വരുന്ന വാഹനത്തിനായി (നം.KL52C3333) ലഭ്യമാക്കിയ താഴെ പറയുന്ന ഇന്ധനത്തിന്റെ വിശദവിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല :

| ബിൽ നം. | തിയതി | ബങ്കിന്റെ പേര് | ഇന്ധനത്തിന്റെ അളവ് | തുക |
|---|---|---|---|---|
| 12763 | 28/7/16 | നിള ഫ്യുവൽസ്, ഗുരുവായൂർ റോഡ്, പട്ടാമ്പി | 20 ലിറ്റർ | 1,176.20 |

മേൽ സൂചിത പട്ടികയിൽ കൊടുത്തിരിക്കുന്ന ഇന്ധനത്തിന്റെ വിശദവിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്താതിനുള്ള വിശദീകരണം രേഖാമൂലം ഓഡിറ്റിന് ഹാജരാക്കുവാനായി 8.11.17ലെ

അന്വേഷണ നം.9 മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ രേഖകൾ പരിശോധിച്ച് മറുപടി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദീകരണം സമയബന്ധിതമായി അറിയിക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-11 ഭാഗികമായി ധനസഹായം കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പേരിൽ തുടർ നടപടികൾ സ്വീകരിക്കണം.

2016-17ലെ പി.എം.വൈ പദ്ധതി പ്രകാരം തെരെഞ്ഞെടുക്കപ്പെട്ട 249 ഗുണഭോക്താക്കളിൽ 34 പട്ടികജാതി, 22 പൊതുവിഭാഗം, 33 ന്യൂനപക്ഷം എന്നീ വിഭാഗത്തിലുൾപ്പെട്ടവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 22 പേരുടെ വീട് പണി പൂർത്തിയാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്തതിലുൾപ്പെട്ട കലുക്കല്ലൂർ ഗ്രാമ പഞ്ചായത്തിലെ കെ.ടി.ഹൈദർ എന്ന ഒരു ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുകയില്ലായെന്ന് അറിയിക്കുകയും ധനസഹായം തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വരെയുള്ള ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 119 പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവരും, പൊതു വിഭാഗത്തിലെ 20 ഗുണഭോക്താക്കളേയും ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ച് ഭവന നിർമ്മാണം പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 2015-16 വരെ ഭാഗികമായി ധനസഹായം കൈപ്പറ്റി പണി പൂർത്തിയാക്കാത്ത 25 ഗുണഭോക്താക്കളുടെ നിലവിലെ സ്ഥിതിയുടെ വിശദവിവരം താഴെ ചേർക്കുന്നു :

| ക്രമ നമ്പർ | പഞ്ചായത്ത് | ഗുണഭോക്താവിന്റെ പേരും വിലാസവും | അടങ്കൽ | കൈപ്പറ്റിയ തുക | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | കൊപ്പം | ചിത്ര, D/o.ചാമി കലവർക്കുന്നത്ത് കീഴ്മുറി | 200000 | 59500 | വീട് പണി തുടരുന്നില്ലെന്നും തുക തിരിച്ചടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| 2 | ടി | സുരേഷ് s/o രാജൻ കോലായപറമ്പിൽ മേൽമുറി | 200000 | 45500 | റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 3 | ടി | നളിനി, w/o ശങ്കുണ്ണിക്കുട്ടി, ഇന്ദിരാലയം, മേൽമുറി | 200000 | 17500 | റവന്യു റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| 4 | കുലുക്കല്ലൂർ | കമലം, w/oശേഖരൻ, മടലംകുന്നത്ത്, കുലുക്കല്ലൂർ | 200000 | 37500 | വീട് പണി ചെയ്യുവാൻ താൽപ്പര്യ മില്ലായെന്നറിയിച്ചിട്ടുണ്ട്. |
| 5 | ടി | വിദ്യ ഉണ്ണികൃഷ്ണൻ ഇടത്തേതൊടി, കുലുക്കല്ലൂർ | 200000 | 25,000 | വീട് പണിചെയ്യുവാൻ താൽപ്പര്യമില്ലായെന്നറിയിച്ചിട്ടുണ്ട്. |
| 6 | ടി | രതീഷ w/oരാജേഷ്, പേരായിൽ കുലുക്കല്ലൂർ | 200000 | 17500 | വീട് പണിക്ക് N.O.C ലഭ്യമായിട്ടില്ല. |
| 7 | മുതുതല | സ്മിത w/o ശ്രീജേഷ്, തോട്ടത്തിൽ പെരുമുടിയൂർ | 200000 | 70000 | റവന്യു റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്. |
| 8 | ടി | സൗമ്യ w/o അനിൽകുമാർ വാണിയാർകുന്ന്, കോഴിക്കോട്ടിരി | 200000 | 70000 | റവന്യു റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്. |
| 9 | ടി | ഇന്ദിര w/o ഉണ്ണികൃഷ്ണൻ, കാലമ്പാറ്റപറമ്പിൽ കോഴിക്കോട്ടിരി | 200000 | 70000 | റവന്യു റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്. |
| 10 | ടി | ശാന്ത സുബ്രമണ്യൻ | 300000 | 17500 | റവന്യു റിക്കവറി നടപടികൾക്ക് ശുപാർശ |

| | | | | | |
|---|---|---|---|---|---|
| | | തുമ്പ്രത്തൊടി,<br>പെരുമുടിയൂർ | | | ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്. |
| 11 | ടി | ശാരദ w/o ചന്ദ്രൻ<br>കല്ലുവെട്ടുകുഴിയിൽ<br>പെരുമുടിയൂർ | 300000 | 17500 | റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ<br>ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്. |
| 12 | ഓങ്ങല്ലൂർ | സഫിയ<br>w/o അലവി<br>കള്ളിയത്തൊടി | 300000 | 17500 | അനുവദിച്ച തുക തിരികെ<br>അടവാക്കുവാൻ<br>തയ്യാറാണെന്നറിയിച്ചിട്ടുണ്ട്. |
| 13 | ടി | മണികണ്ഠൻ<br>മുല്ലക്കൽ | 300000 | 17500 | അനുവദിച്ച തുക തിരികെ<br>അടവാക്കുവാൻ<br>തയ്യാറാണെന്നറിയിച്ചിട്ടുണ്ട്. |
| 14 | ടി | കോരൻ ചാമി<br>വഴക്കപ്പാട്ട് പടി | 300000 | 17500 | ഗുണഭോക്താവ് മരണപ്പെട്ടു |
| 15 | ടി | ബബിത സത്യൻ<br>മുണ്ടൻമാരിൽ | 200000 | 20000 | തുക തിരിച്ചടയ്ക്കാൻ<br>നിർദ്ദേശിച്ചിട്ടുണ്ട്. |
| 16 | പരുതൂർ | ചമ്മിണി w/o<br>കോപ്പ<br>പാതിരികോട്ടിൽ | 200000 | 58000 | ഗുണഭോക്താവ് മരണപ്പെട്ടു |
| 17 | ടി | ആയിഷ<br>w/oഅബ്ദുൾ കരീം<br>വലിയതൊടി | 200000 | 59500 | റവന്യൂ റിക്കവറി നടപടികൾക്ക്<br>ശുപാർശ<br>ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്. |
| 18 | തിരുവേഗപ്പുറ | സരോജിനി<br>ഗോപാലൻ<br>നെടുങ്ങോട്ടൂർ | 200000 | 25000 | തറവാട് ഇവർക്ക്<br>ലഭിച്ചതിനാൽ<br>വീട് പണി നിർത്തി. |
| 19 | ടി | ശ്രീജ ചന്ദ്രൻ | 200000 | 52000 | വീട്പണിക്ക് |

| | | | | | |
|---|---|---|---|---|---|
| | | പൊട്ടക്കാവിൽ<br>കൈപ്പുറം | | | താൽപ്പര്യമില്ലായെന്നറിയിച്ചിട്ടുണ്ട്. |
| 20 | ടി | സുചിത്രകൃഷ്ണദാസ്, മൂത്തേടത്ത് പറമ്പിൽ, നെടുങ്ങോട്ടൂർ. | 300000 | 79500 | വിദേശത്ത് പോയതിനാൽ വീട് പണി നിർത്തി. |
| 21 | വിളയൂർ | വസന്തകുമാരി w/o സതീഷ് കുമാർ<br>കുന്നത്ത് വളപ്പിൽ | 200000 | 42500 | ഭർത്താവ് മരണപ്പെട്ടതിനാൽ വീട്പണി പൂർത്തിയാക്കിയില്ല. |
| 22 | ടി | സരോജിനി വേലായുധൻ<br>കാങ്കേതൊടി | 200000 | 28000 | ഗുണഭോക്താവ് മരണപ്പെട്ടു. ലൈഫിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| 23 | ടി | കാർത്ത്യായനി വേലായുധൻ<br>കോഴിപള്ളി യാലിൽതൊടി | 200000 | 20000 | നിലവിലെ സാമ്പത്തിക സ്ഥിതിക്ക്<br>പണി പൂർത്തിയാക്കുവാൻ കഴിയില്ലായന്നറിയിച്ചിട്ടുണ്ട്. |
| 24 | ടി | കോച്ചി, w/o കോയ പന്നിപറമ്പിൽ, നടുവട്ടം | 200000 | 59500 | പണിപൂർത്തിയാക്കാൻ കഴിയാത്തതിനാൽ 20,000/- തിരിച്ചടച്ചു. ബാക്കി തുക ഗഡുക്കളായി അടവാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 25 | പട്ടാമ്പി | ഉഷ, w/o , ചന്ദ്രൻ, ചുങ്കത്ത്, ആമയൂർ | 200000 | 17,500 | പണി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ തുക തിരിച്ചടച്ചു. |

മേൽ സൂചിത പട്ടികയിലെ ഗുണഭോക്താക്കൾക്ക് ഉചിതമായ നിർദ്ദേശം നൽകി ഭവന നിർമ്മാണം പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്. നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-12 പുളിക്കപ്പറമ്പ് കോളനിയിൽ വയോജന കേന്ദ്രം - നിർമ്മാണം പൂർത്തിയായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | SOO 80/17 |
| പേര് | പുളിക്കപ്പറമ്പ് കോളനിയിൽ വയോജന കേന്ദ്രം |
| എസ്.സി.പി | 11,83,850/- |
| മറ്റ് ഗ്രാമ പഞ്ചായത്ത് വിഹിതം | 4,00,000/- |
| ആകെ അടങ്കൽ | 15,83,850/- |
| ബിൽ നം./തിയതി | ചെലവ് |
| 38/16-17/30/3/17 | 11,83,000/- |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

പുളിക്കപ്പറമ്പ് കോളനിയിലെ വയോജന കേന്ദ്രം പരുതൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുവാനായി പാലക്കാട്ടിലെ നിർമ്മിതി കേന്ദ്രത്തിന്റെ അക്കൗണ്ട് നം.348002010011687ലേക്ക് ആർ.ടി.ജി.എസ്. മുഖേന പദ്ധതി വിഹിതമായ 11,83,000/-രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും നിലവിൽ ലിന്റൽ ലെവൽ വരെ പൂർത്തിയായിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയതിന്റെ രേഖയും, ധന വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-13 ഐ.എ.വൈ. ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് അനുവദിച്ച വേതനം തിരികെ ഈടാക്കേണ്ടതാണ്.

ഐ.എ.വൈ. ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനമായി 2.5.16 മുതൽ 23.5.16 വരെ 16 ദിവസങ്ങൾക്ക് 675/- രൂപ നിരക്കിൽ 13.6.16 ലെ 1811325 ചെക്ക് മുഖേന 10,800/- രൂപ അനുവദിച്ചിട്ടുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 13.6.16 ലെ വൗച്ചർ നം.24/16-17 പ്രകാരം അനുവദിച്ച പ്രസ്തുത തുക ദാരിദ്ര്യ ലഘൂകരണ ഫണ്ടിൽ നിന്നും തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിന് സമയബന്ധിതമായി

സമർപ്പിക്കേണ്ടതാണ്.

## 3-14 പോഷാകാഹാര പദ്ധതി-കേന്ദ്രവിഹിതം ചെലവഴിക്കാതെ തനത്ഫണ്ടിൽ നിക്ഷേപിച്ചു

അങ്കണവാടി പോഷാകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ നിലവിൽ 1615368/- രൂപ ചെലവഴിക്കാതെ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (SBI പട്ടാമ്പി-അക്കൗണ്ട് നമ്പർ-57061804511) സൂക്ഷിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| വർഷം | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| 2010 | 2179705 | - | 2179705 |
| 2011 | 948175 | | 3127880 |
| 2012 | 442744 | 1816672 | 1753952 |
| 2013 | | 138584 | 1615368 |

പൂരകപോഷകാഹാരപദ്ധതിക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ് എന്ന് 3.9.2010 ലെ 39029/DC3/2010 നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ലഭ്യമാകുന്ന കേന്ദ്രഫണ്ട് സമയപരിധിക്കകം തന്നെ പദ്ധതികൾ നടപ്പാക്കുന്നതിന് പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 പ്രവൃത്തി പൂർത്തീകരണ രേഖയും, ധന വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്

I.

| | |
|---|---|
| പ്രോജക്റ്റ് നം. | SO169/17 |
| പേര് | മംഗലാംകുന്ന് കുടിവെള്ള പദ്ധതി |
| അടങ്കൽ (വികസന ഫണ്ട്) | 3,00,000/- |
| ബിൽ നം. / തിയതി | ചെലവ് |
| 30/16-17/24/3/17 | 3,00,000/- |

| | |
|---|---|
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതവും ചേർത്ത് മേൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ആയത് തൃപ്തികരമായി പൂർത്തീകരിച്ചതിന്റെ രേഖയും, ധന വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. പ്രസ്തുത രേഖയും, സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II.

| | |
|---|---|
| പ്രോജക്റ്റ് നം. | SO162/17 |
| പേര് | കൊപ്പം പഞ്ചായത്തിലെ വൈദ്യുതികരണം മെച്ചപ്പെടുത്തൽ |
| അടങ്കൽ (വികസന ഫണ്ട്) | 1,56.853/- |
| ബിൽ നം. / തിയതി | ചെലവ് |
| 31/16-17/24/3/17 | 1,56,853/- |
| നിർവ്വഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

മേൽ സൂചിത പദ്ധതി ആവശ്യങ്ങൾക്കായുള്ള വിഹിതമായ 1,56,853/- രൂപ കൊപ്പം കെ.എസ്.ഇ.ബി അസ്സിസ്റ്റന്റ് എഞ്ചിനിയർക്ക് 27/4/17 ലെ ഡി.ഡി.നം.917216 മുഖേന സെക്രട്ടറി കൈമാറിയിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കിനത്തിൽ നിർവ്വഹിച്ച ഈ പ്രവൃത്തിയുടെ പൂർത്തീകരണ രേഖയും, വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കൊപ്പം ഗ്രാമപഞ്ചായത്ത് | PMAY വിഹിതം (GEN) | 315000 | 80000 | 235000 |
| | | PMAY വിഹിതം (SCP) | 120000 | 60000 | 60000 |
| 2 | മുതുതല ഗ്രാമപഞ്ചായത്ത് | PMAY വിഹിതം (GEN) | 200000 | 80000 | 120000 |
| | | PMAY വിഹിതം (SCP) | 405000 | 40000 | 365000 |
| 3 | ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | PMAY വിഹിതം (GEN) | 260000 | 80000 | 180000 |
| | | PMAY വിഹിതം (SCP) | 140000 | 40000 | 100000 |
| 4 | കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് | PMAY വിഹിതം (GEN) | 200000 | 80000 | 120000 |
| | | PMAY വിഹിതം (SCP) | 350000 | 20000 | 330000 |
| 5 | തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് | PMAY വിഹിതം (GEN) | 200000 | 240000 | (-)40000 |
| | | PMAY വിഹിതം (SCP) | 360000 | 132000 | 228000 |
| 6 | പരുതൂർ ഗ്രാമപഞ്ചായത്ത് | PMAY വിഹിതം (GEN) | nil | 60000 | (-)60000 |
| | | PMAY വിഹിതം (SCP) | nil | 20000 | (-)20000 |
| 7 | വിളയൂർഗ്രാമപഞ്ചായത്ത് | PMAY വിഹിതം (GEN) | 60000 | 20000 | 40000 |
| | | PMAY വിഹിതം (SCP) | nil | 20000 | (-)20000 |
| 8 | ജില്ലാ പഞ്ചയത്ത് | PMAY വിഹിതം (GEN) | 3808000 | 1372000 | 2436000 |

## **4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോജക്റ്റ് നം | ഡെപ്പോസിറ്റ് നൽകിയത് ആർക്ക് | തുക |
|---|---|---|---|
| 1 | കുന്നത്തു പള്ളിയാലിൽ വൈദ്യുതിലൈൻ നീട്ടൽ (62/17) | എക്സി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, KSEB ഓങ്ങല്ലൂർ | 20825(bill no.16/21-10-16) |
| 2 | വനിതാ വിപണന കേന്ദ്രം, ഓങ്ങല്ലൂർ(104/17) | ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 350000(bill no.35/29-3-17) |
| 3 | തെനോഴിപ്പടി അംഗൻവാടി റോഡ് ത്രീ ഫേസ്(56/17) | ഇലക്ട്രിക്കൽ സെക്ഷൻ, KSEB,പട്ടാമ്പി | 15480(bill no.4/28-9-16) |

| | | | |
|---|---|---|---|
| 4 | കൊപ്പം ആശുപത്രി തട്ടാം പള്ളിയാലിൽ റോഡ് ത്രീ ഫേസ് ലൈന്(60/17) | ഇലക്ട്രിക്കൽ സെക്ഷൻ, KSEB,കൊപ്പം | 12810(bill no.5/16-17) |
| 5 | വിയറ്റ്നാം പടി മുതലക്കാട് പറമ്പ് ലൈൻ (98/17) | ---do--- | 82000(bill no.10/28-9-16) |
| 6 | ചോലപ്പള്ളിയാലിൽ പൂക്കോടൻ കുന്ന് ലൈൻ ദീർഘിപ്പിക്കൽ (55/17) | ----do--- | 40159(bill no.3/28-9-16) |
| 7 | ചകിരിയാം പറമ്പിൽ എടപ്പലം ലൈൻ എക്സ്റ്റൻഷൻ (91/17) | ----do--- | 145979(bill no.8/28-9-16) |
| 8 | പൂവാനിക്കുന്ന് വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ (97/17) | -----do--- | 102300(bill no.9/28-9-16) |
| 9 | കള്ളിവളപ്പിൽ കോളനി കുടിവെള്ള പദ്ധതി (5/17) | KWA, ഷൊർണൂർ | 300000(bill no.22/20-12-16) |
| 10 | പൈലിപ്പുറം കുടിവെള്ള പദ്ധതി (86/17) | ----do--- | 400000(bill no.21/20-12-16) |
| 11 | ചുണ്ടമ്പറ്റ-നാട്യമംഗലം ലൈൻ വലിക്കൽ (84/17) | എക്സി.എഞ്ചിനീയർ, ഇലക്ട്രിക് സെക്ഷൻ, പുലാമന്തോൾ | 154590(bill no.7/28-9-16) |
| 12 | കൊട്ടുമുണ്ട - നരിപ്പറ്റ കുടിവെള്ള പദ്ധതി (24/17) | എക്സി.എഞ്ചിനീയർ, KWA, ഷൊറണൂർ | 500000(bill no.21/20-12-16) |
| 13 | കാരക്കാട് ഹിലാൽ നഗർ,ചെറൂരിക്കുന്ന് ലൈൻ ദീർഘിപ്പിക്കൽ (50/17) | എക്സി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, KSEB ഓങ്ങല്ലൂർ | 27600(bill no.1/28-9-16) |
| 14 | ചോലപ്പള്ളിയാലിൽ പൂക്കോടൻ കുന്ന് ലൈൻ റിപ്ലേസ്മെന്റ് (53/16) | ഇലക്ട്രിക്കൽ സെക്ഷൻ, KSEB,കൊപ്പം | 44850(bill no.12/21-10-16) |

മേൽപറഞ്ഞ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500000 രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനംഅവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മീൻവല്ലം ജലവൈദ്യുതപദ്ധതി- ഓഹരികൾ | 500000 |
| ആകെ | 500000 |

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 109212795 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 131575845 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10877 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10878 | ശ്രീ.ജോയ് മുരിങ്ങത്തേരി, അസി. എക്സി.എഞ്ചിനീയർ |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 45000 | ശ്രീ.പി.വി. സത്യൻ, സെക്രട്ടറി |
| ആകെ | **45000** | |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോയ് മുരിങ്ങത്തേരി, അസി. എക്സി.എഞ്ചിനീയർ | അസി. എക്സി.എഞ്ചിനീയർ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | മുരിങ്ങത്തേരി വീട്, ചേലക്കര(പി.ഒ), തൃശ്ശൂർ ജില്ല |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | കുറിപ്പുകൾ |
|---|---|---|

| | | |
|---|---|---|
| 1995-96<br>1996-97<br>1997-98 | LFP10/244/09 dt. 6.6.09 | ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | LFP10/1089/03 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-2000 | LFP10/408/02 dt. 2.12.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | LFP10/928/07dt. 3.12.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | LFP10/974/07dt. 3.12.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | LFP10/975/07dt. 3.12.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LFP10/942/08dt. 15.7.09 | ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | LFP10/943/08dt. 15.7.09 | ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | LFP10/944/08dt. 15.7.09 | ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | LFP10/945/08dt. 15.7.09 | ഓഡിറ്റ് റിപ്പോർട്ട് |
| 2007-08 | LFP8/1684/11dt. 9.12.11 | ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | LFP8/1685/11dt. 9.12.11 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10<br>2010-11 | LFP8/1061/12dt. 12.1.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | LFP8/2243/14dt. 7.1.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13<br>2013-14<br>2014-15 | KSA PKD8/154/16/ dt.9-2-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA PKD8/343/17dt.10-5-17 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്